**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **07-02-2023 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്താകെ മൂന്ന് (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും പതിനൊന്ന് ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള I$^{st}$ tier, II$^{nd}$ tier എന്നീ ശ്രേണികളിലായി ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇതിൽ ഒന്നാം ഘട്ട ഗുണനിലവാര പരിശോധന നടക്കുന്ന സമയത്ത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തിയുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധനകൾ നടത്തുന്നതിന് വേണ്ടിയുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ റീജിയണൽ ലാബുകൾക്ക് സൈറ്റിൽ വച്ച് തന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള ആട്ടോമേറ്റഡ് |

| | | | |
|---|---|---|---|
| | | | മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. |
| (ബി) | ഗുണനിലവാര പരിശോധനക്കായി മൊബൈൽ ലാബുകൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; | (ബി) | സൈറ്റുകളിൽ വച്ച് തന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾക്ക് വേണ്ടി 27.07.2020 ലെ ജി.ഒ (ആർ.റ്റി) നം.635/2020/പൊമവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം 3 മൊബൈൽ ലാബുകൾ സജ്ജമാകുന്നുണ്ട്. |
| (സി) | വിവിധ പ്രവൃത്തികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ കൃത്യമായ അളവിൽ ഉപയോഗിക്കാത്ത കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ആവശ്യമായ അളവിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാതെ സംഭവിക്കുന്ന നഷ്ടങ്ങൾ, കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്. കരാറിനു വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരനെ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി പുന:ക്രമീകരിക്കുന്ന നടപടിയാണ് സ്വീകരിക്കാറുള്ളത്. ആവശ്യമെങ്കിൽ ലൈസൻസ് പുതുക്കാതിരിക്കുക, എസ്.ബി.ഡി., പൊതുമരാമത്ത് മാന്വൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നു. നിർമ്മാണം പൂർത്തിയാക്കി 6 മാസത്തിനകം റോഡ് തകരുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ട എൻജിനീയർമാരെയും കരാറുകാരെയും പ്രതികളാക്കി FIR രജിസ്റ്റർ ചെയ്ത് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കുലർ G2/428/2019/PWD തീയതി 02.09.2022 പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ